LIBRARY ARCHIVES Kerala Legislative Assembly

'ടോട്ടൽ ഫോർ യു' തട്ടിപ്പിന് ഇരയായ നിക്ഷേപകർ

41 (1510) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ടോട്ടൽ ഫോർ യു' സംബന്ധിച്ച കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട പ്രതികളെയും അവർക്കെതിരെ സ്വീകരിച്ച നടപടികളെയും കുറിച്ച് വിശദമാക്കുമോ ;

(സി) 'ടോട്ടൽ ഫോർ യു' വിൽ പണം നിക്ഷേപിച്ചിരുന്നവരിൽ എത്ര പേർക്ക് ഇതുവരെ നിക്ഷേപതുക മടക്കി ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിക്ഷേപത്തുക മടക്കി ലഭിക്കാത്തവർക്ക് അത് ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(ഇ) ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് നിക്ഷേപത്തുക മടക്കി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ ജീവൻ അപകടപ്പെടുത്താൻ ശ്രമിച്ച സംഭവം

42 (1511) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത മണൽ കടത്തുകാരുടെ പ്രവർത്തനം നിയമപാലകർക്കും മറ്റും ഭീഷണിയായി തീർന്നിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ആലുവയ്ക്കടുത്ത് മണൽ കടത്ത് പിടികൂടാനെത്തിയ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ ജീവൻ അപകടപ്പെടുത്താൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സംഭവത്തിനുപിന്നിൽ പ്രവർത്തിച്ചവർ ആരാണ് ; കുറ്റവാളിയെന്ന് സംശയിക്കുന്ന ആൾക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് മണൽ മാഫിയയുടെ പ്രവർത്തനം ഫലപ്രദമായി തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയം, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി പോലീസ് ജില്ലകളിൽ ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളതും ആയതിലേക്ക് ടി ജില്ലകളിൽ ഓരോ കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. കേസ്സുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :

കോട്ടയം :- 22-3-2010-ന് എരുമേലി പോലീസ് കസ്റ്റഡിയിലെടുത്ത മണലും ലോറിയും ബലമായി കടത്തിക്കൊണ്ടുപോയത് സംബന്ധിച്ച് എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 203/10 യു/എസ് 395, 353 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 30-6-2010-ന് ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം : - 4-2-2011-ന് അനധികൃതമായി മണൽ വാരിക്കൊണ്ടു പോകുന്നത് തടയാൻ ശ്രമിച്ച ആലുവ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിനെ അപായപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ ലോറിയിൽ കയറ്റിയിരുന്ന മണൽ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് സഞ്ചരിച്ചിരുന്ന പോലീസ് ജീപ്പിന് മുകളിലേക്ക് ഹൈഡ്രോളിക് ജാക്കി ഉപയോഗിച്ച് അൺലോഡ് ചെയ്തത് സംബന്ധിച്ച് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 110/11/യു/എസ് 308 ഐ.പി.സി. പ്രകാരം കേസെടുത്തിട്ടുണ്ട്.

കോഴിക്കോട് :- മണൽ കടത്തുകാർ പോലീസുകാരനെ പരുക്കേൽപ്പിച്ചതുമായി ബന്ധപ്പെട്ട് കുന്ദമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 47/10 ആയി 20-2-2010-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭവത്തിനുശേഷം ലോറി ഓടിച്ചിരുന്ന ഡ്രൈവർ ഒളിവിൽ പോയിട്ടുള്ളതിനാൽ അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ലോറി ഡ്രൈവർക്കെതിരെ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 110/11, യു/എസ് 308 ഐ.പി.സി. ആയി 4-2-2011-ാം തീയതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. വാഹനം കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

(സി) മണൽ കടത്തുകാരുടെ പ്രവർത്തനം ഫലപ്രദമായി തടയുന്നതിനായി കേരളാ റിവർ ബാങ്ക് പ്രൊട്ടക്ഷൻ ആന്റ് സാൻഡ് മൈനിംഗ് ആക്ട് 2001 പ്രകാരവും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം അനുസരിച്ചും ഇത്തരക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എ. സലാവുദീന് നേരിടേണ്ടി വന്ന പീഡനം

43 (1512) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ഇൻസ്പെക്ടർ ആയ എ. സലാവുദീന് ടെലികമ്മ്യൂണിക്കേഷൻ പോലീസ് സൂപ്രണ്ടിൽ-നിന്നും നേരിടേണ്ടിവന്ന പീഡനം സംബന്ധിച്ച് എസ്.സി. ആർ.ബി.ഐ.ജി.-ക്ക് 15-11-2010-ൽ പരാതി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ ഐ.ജി. സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly